**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5269** **02-11-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ സമുദ്ര ബസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഫിഷറീസ് വകുപ്പ് സഹകരിച്ചുകൊണ്ട് തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കിയ സമുദ്ര ബസ് പദ്ധതി വിജയകരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) | മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ തൊഴിലാളികൾ അമിത ചാർജ് നൽകി ഓട്ടോ റിക്ഷകളെയാണ് ആശ്രയിച്ച വരുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽ നിന്നും യാത്രചെയ്യുന്ന ഇവർക്ക് ഓട്ടോ റിക്ഷാകൂലി ഭാരമാകുന്നു എന്ന് മാത്രമല്ല, രാത്രി കാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയും ഉണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും സിറ്റിയ്ക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും, തിരിച്ചും വനിതാ മത്സ്യ തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ, പ്രത്യേക നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ. ടി.സി.യ്ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാൻറ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകുകയും, നിലവിൽ വിജയകരമായി സർവ്വീസ് നടത്തി വരികയും ചെയ്യുന്നു. ആവശ്യമനുസരിച്ച് എല്ലാ ജില്ലകളിലും ഇത്തരം സർവ്വീസുകൾ വ്യാപിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ